"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം – എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. രാജേഷ്.എസ്.ഡി-ക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1031/2021/ത.സ്വ.ഭ.വ      തീയതി,തിരുവനന്തപുരം, 23/05/2021

---

പരാമർശം:- 1 സ.ഉ(പി) നം.536/2012(116)/ധന തീയതി 29.09.2012

2 തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 08.04.2021-ലെ ഇ1/9325/2012/സി.ഇ/തസ്വഭവ നമ്പർ കത്ത്.

<u>ഉത്തരവ്</u>

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജേഷ്. എസ്.ഡി-ക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ 30.05.2018 തീയതി പ്രാബല്യത്തിൽ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.05.2003 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. രാജേഷ്.എസ്.ഡി, 29.05.2018-ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് 05.01.2021-ലെ സ.ഉ(സാധാ) നം.29/2021/തസ്വഭവ ഉത്തരവ് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോഷൻ ലഭിക്കുകയുണ്ടായി. ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

3. മേൽ സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. രാജേഷ്.എസ്.ഡി-ക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം 30.05.2018 പൂർവ്വാഹ്നം പ്രാബല്യത്തിൽ 68700-110400 രൂപ ശമ്പള സ്കെയിലിൽ കെ.എസ്.ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയറായി പ്രൊമോഷൻ ലഭിച്ചതിനെത്തുടർന്ന് ടിയാന്റെ ശമ്പളം കെ.എസ്.ആർ ഭാഗം I ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.മേയോ ഭാസ്കർ**

**അണ്ടർ സെക്രട്ടറി**

പകർപ്പ് :

1. ശ്രീ.രാജേഷ്.എസ്.ഡി, എക്സിക്യൂട്ടീവ് എഞ്ചിനീയർ (ചീഫ് എഞ്ചിനീയർ,

(തുടരും)

*തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)*

2. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
SREEKANTH G
Date: 2021.05.03 13:19:10 IST
Reason: Approved
സെക്ഷൻ ഓഫീസർ